"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)
വ്യാവസായിക പരിശീലന ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, വികാസ് ഭവൻ പി ഒ, തിരുവനന്തപുരം 695 033
ഫോൺ 0471 2303856, ഇ മെയിൽ cru.dttvpm@keralagov.in

DT/6479/2025-E3 തിയതി 04-06-2026

<u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് -ട്രെയിനിംഗ് ഡയറക്ടറേറ്- ഉപകരണ സംഭരണം- ഭരണാനുമതിക്കായി ശുപാർശ അയക്കുമ്പോൾ സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശം- സംബന്ധിച്ച്

കേരള സ്റ്റോർ പർച്ചേസ് മാനുവൽ (Kerala Store Purchase Manual - SPM) പ്രകാരം സംഭരണം നടത്തേണ്ട വസ്തുക്കളുടെ മതിപ്പ് വില (Estimated Value) നിർണ്ണയിക്കുന്നത് സംഭരണം നടത്തുന്ന ഉദ്യോഗസ്ഥന്റെ (Purchasing Officer) ഉത്തരവാദിത്തമാണ്.

കൃത്യമായ മതിപ്പ് വില നിർണ്ണയിക്കുന്നതിലൂടെയാണ് ഒരു പ്രത്യേക സംഭരണത്തിന് ക്വൊട്ടേഷൻ (Quotation) ക്ഷണിക്കുന്നത് ,ടെൻഡർ (Tender) നടപടി അല്ലെങ്കിൽ നേരിട്ടുള്ള വാങ്ങൽ മതിയോ എന്നുള്ള നടപടി സ്വീകരിക്കണമെന്ന് തീരുമാനിക്കുന്നത്.

**പൊതുവായി, മതിപ്പ് വില നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

a. ആവശ്യകതയുടെ മുൻകൂട്ടിയുള്ള കണക്കെടുപ്പ് (Forecast of Requirements): ഒരു വർഷത്തേക്കോ നിശ്ചിത കാലയളവിലേക്കോ വേണ്ട സാധനങ്ങളുടെ ആവശ്യം മുൻകൂട്ടി കണക്കാക്കണം.
b. മുൻ വർഷങ്ങളിലെ ഉപഭോഗം/വിലകൾ (Past Consumption/Rates): കഴിഞ്ഞ 3 മുതൽ 5 വർഷം വരെയുള്ള ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലും, മുമ്പ് വാങ്ങിയ വിലകളെ അടിസ്ഥാനമാക്കിയും ആവശ്യകതയും വിലയും കണക്കാക്കാം.
c. നിലവിലെ വിപണി വിലകൾ (Current Market Rates): പ്രാദേശിക വിപണിയി ലെ നിലവിലെ വിലകൾ അന്വേഷിച്ചോ, സമാനമായ വസ്തുക്കളുടെ ഇൻവോയ്സുകൾ പരിശോധിച്ചോ ന്യായമായ വിലകൾ കണ്ടെത്തണം.

a. നിലവിലുള്ള നിരക്ക് കരാറുകൾ (Rate Contracts): സംസ്ഥാന സ്റ്റോർ പർച്ചേസ് വകുപ്പ് (SPD) അല്ലെങ്കിൽ ഡയറക്ടറേറ്റ് ജനറൽ ഓഫ് സപ്ലൈസ് ആൻഡ് ഡിസ്പോസൽ (DGS&D), GeM (Government e-Marketplace) എന്നിവയുമായി നിലവിലുള്ള നിരക്ക് കരാറുകൾ ഉണ്ടെങ്കിൽ, അതിലെ വിലകൾ മാനദണ്ഡമാക്കാം.

b. സാങ്കേതിക വിദഗ്ധരുടെ സഹായം: ആവശ്യമെങ്കിൽ, സാങ്കേതികമായി കഴിവുള്ള മറ്റ് ജീവനക്കാരുമായി കൂടിയാലോചിച്ച് മതിപ്പ് വില നിശ്ചയിക്കാവുന്നതാണ്.

c. ഭരണാനുമതിക്കയക്കുന്ന ഐറ്റങ്ങൾക്ക് (സാധനങ്ങൾക്ക്) ജി എസ് റ്റി ഒഴികെയുള്ള തുകയാണ് എസ്‌ടിമേറ്റ് തുകയായി രേഖപ്പെടുത്തേണ്ടത്.

ഭരണാനുമതിക്കായി ശിപാർശ സമർപ്പിക്കുമ്പോൾ വിതരണക്കാരിൽ നിന്നും വില വിവരങ്ങൾ രേഖപ്പെടുത്തിയ ഇൻവോയിസ്കൾ , ക്വോട്ടേഷനുകൾ എന്നിവ വാങ്ങി എസ്റ്റിമേറ്റ് തുക കണക്കാക്കുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ് . അത്തരത്തിൽ ലഭിക്കുന്ന ശുപാർശ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല.

ജോയിന്റ് ഡയറക്ടർ

Digitally signed by Shammi Baker A
Date: 04-06-2026 13:44:19

സ്വീകർത്തവ് : എല്ലാ സ്ഥാപന മേധാവികൾക്കും.

പകർപ്പ്:- ഐ ടി സെൽ - വകുപ്പിൻറെ വെബ്സൈറ്റിൽ പ്രസിദ്ധികരിക്കുവാൻ